## കേരള സർവകലാശാല

നം. പി.ആർ.084/2017 ഫോൺ : 2305738

# പത്രക്കുറിപ്പ്

### ബി.എ പരീക്ഷ കേന്ദ്രത്തിൽ മാറ്റം

കേരള സർവകലാശാല ഏപ്രിൽ 21-ന് തുടങ്ങുന്ന ബി.എ ആന്വൽ സ്കീം ഒന്നാം വർഷ പരീക്ഷയ്ക്ക് എസ്.ഡി കോളേജ് പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച വിദ്യാർത്ഥിനികൾ ആലപ്പുഴ സെന്റ് ജോസഫ് കോളേജ് ഫോർ വിമണിൽ പരീക്ഷ എഴുതേണ്ടതാണ്.

### എൽ.എൽ.ബി പരീക്ഷ

കേരള സർവകലാശാല മെയ് എട്ടിന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.എ/ബി.കോം/ബി.ബി.എ എൽ.എൽ.ബി പരീക്ഷയ്ക്ക് പിഴകൂടാതെ ഏപ്രിൽ 22 (50 രൂപ പിഴയോടെ ഏപ്രിൽ 25, 125 രൂപ പിഴയോടെ ഏപ്രിൽ 26) വരെ ഫീസടച്ച് അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### എം.എഫ്.എ, എം.വി.എ ഫലം

കേരള സർവകലാശാല 2016 ജൂലൈയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എഫ്.എ (പെയിന്റിംഗ് & സ്കൾപ്ചർ), 2017 ജനുവരിയിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എഫ്.എ (പെയിന്റിംഗ് & സ്കൾപ്ചർ), മൂന്നാം സെമസ്റ്റർ എം.എഫ്.എ (സ്കൾപ്ചർ), ഒന്നും രണ്ടും സെമസ്റ്റർ എം.വി.എ (പെയിന്റിംഗ് & ആർട്ട് ഹിസ്റ്ററി) എന്നിവയുടെ പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ഇന്റഗ്രേറ്റഡ് ബി.എം - എം.എ.എം ടൈം ടേബിൾ

കേരള സർവകലാശാല നടത്തുന്ന ഇന്റഗ്രേറ്റഡ് ബി.എം - എം.എ.എം ഒന്നാം സെമസ്റ്റർ (ഫുൾ ടൈം - 2015 സ്കീം) റെഗുലർ, സപ്ലിമെന്ററി പരീക്ഷയുടെ ടൈം ടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### പി.ജി.ഡി.ഇ.സി പരീക്ഷ

കേരള സർവകലാശാല മെയ് 26-ന് ആരംഭിക്കുന്ന പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ഇംഗ്ലീഷ് ഫോർ കമ്യൂണിക്കേഷൻ (പി.ജി.ഡി.ഇ.സി) പരീക്ഷയ്ക്ക് പിഴകൂടാതെ ഏപ്രിൽ 26 (50 രൂപ പിഴയോടെ ഏപ്രിൽ 28, 125 രൂപ പിഴയോടെ മെയ് രണ്ട്) വരെ ഫീസടച്ച് അപേക്ഷിക്കാം.

### എം.എഡ് റിസർച്ച് പ്രൊപ്പോസൽ

കേരള സർവകലാശാല ഏപ്രിൽ ആറ്, ഏഴ് തീയതികളിൽ നടത്താനിരുന്ന രണ്ടാം സെമസ്റ്റർ എം.എഡ് നോൺ സി.എസ്.എസ് ഡിഗ്രി പരീക്ഷയോടനുബന്ധിച്ചുള്ള റിസർച്ച് പ്രൊപ്പോസൽ ഏപ്രിൽ 19-ന് രാവിലെ 10 മണി മുതൽ മുതുകുളം ബുദ്ധ കോളേജ് ഓഫ് ടീച്ചർ എഡ്യുക്കേഷനിൽ വച്ചും, ഉച്ചയ്ക്ക് 1.30 മുതൽ മാവേലിക്കര പീറ്റ് മെമ്മോറിയൽ ട്രെയിനിംഗ് കോളേജിൽ വച്ചും നടത്തുന്നതാണ്.

## എം.ഫിൽ ഫലം

കേരള സർവകലാശാല 2015-16 ബാച്ച് എം.ഫിൽ ഇംഗ്ലീഷ് (യൂണിവേഴ്സിറ്റി കോളേജ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## പി.ജി ഡിപ്ലോമ ഇൻ യോഗ തെറാപ്പി (ഈവനിംഗ്) പ്രവേശനം

കേരള സർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന പി.ജി ഡിപ്ലോമ ഇൻ യോഗ തെറാപ്പി (ഈവനിംഗ് ബാച്ച്) കോഴ്സിന് അപേക്ഷ ക്ഷണിച്ചു. കേരള സർവകലാശാല അംഗീകരിച്ച ബിരുദമാണ് അടിസ്ഥാന യോഗ്യത. കോഴ്സ് കാലാവധി ഒരു വർഷം. ക്ലാസ്സുകൾ തിങ്കൾ മുതൽ ശനി വരെ വൈകുന്നേരം അഞ്ച് മണി മുതൽ ഏഴ് മണി വരെ. കോഴ്സ് ഫീസ് 19500/- രൂപ അപേക്ഷ ഫീസ് 100 രൂപ. അവസാന തീയതി ഏപ്രിൽ 29. വിശദ വിവരങ്ങൾക്ക് ഫോൺ: 0471-2302523.

## ബി.ടെക് സപ്ലിമെന്ററി ടൈം ടേബിൾ

കേരള സർവകലാശാല മെയിൽ ആരംഭിക്കുന്ന ആറാം സെമസ്റ്റർ ബി.ടെക് 2008 സ്കീം സപ്ലിമെന്ററി പരീക്ഷയുടെ ടൈം ടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എഡ് ഓൺലൈൻ പരീക്ഷ മാറ്റി

കേരള സർവകലാശാല ഏപ്രിൽ 20-ന് നടത്താനിരുന്ന നാലാം സെമസ്റ്റർ ബി.എഡ് (2015 സ്കീം) ഓൺലൈൻ പരീക്ഷ ഏപ്രിൽ 26-ന് നടക്കും.

തിരുവനന്തപുരം.
18.04.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ